⇨ *ലജ്ജയില്ലാതെ പരസ്യമായ വിദ്വേഷത്തോടെ അഭിപ്രായ സംഘട്ടനത്തിലേർപ്പെട്ടു* ⇨

# വികസനവും പരിസ്ഥിതിയും: നീതിയുടെ അവഗണിക്കപ്പെട്ട തലം

വികസനത്തേയും പരിസ്ഥിതിയേയും കുറിച്ചുള്ള സംവാദത്തിന്റെ വളരെ കാതലായ ഭാഗത്തേക്ക് നീതിയെ കൊണ്ടുവരുന്നതിനുള്ള വഴികൾ എന്തെല്ലാമാണ്?

**സുകുമാർ മുരളീധരൻ**

**വികസനം**, പരിസ്ഥിതി, നീതി-ഈ മൂന്ന് പ്രശ്നങ്ങളെ പ്രതിപാദിക്കാൻ വിഭിന്നങ്ങളായ വിജ്ഞാനശാഖകളുടെ അതിരുകളിലൂടെ നമ്മൾ സഞ്ചരിക്കേണ്ടതുണ്ട്. സാമ്പത്തിക ശാസ്ത്രത്തിൽ നിന്നും തുടങ്ങാം. വളർച്ചയേയും വികസന പ്രക്രിയകളേയും പഠനവിധേയമാക്കുന്നത് സാമ്പത്തികശാസ്ത്രമാണ്. പരിസ്ഥിതിയെക്കുറിച്ച് മനസ്സിലാക്കാൻ നമ്മൾ ഭൗതികശാസ്ത്രത്തിലേക്കും ജീവശാസ്ത്രത്തിലേക്കും കടക്കേണ്ടതുണ്ട്. രാഷ്ട്രീയ സിദ്ധാന്തത്തിലേക്ക് തിരികെ എത്തിയെങ്കിൽ മാത്രമേ നീതിയെക്കുറിച്ച് നന്നായി പഠിക്കാനാകൂ.

ഇതിൽ ആദ്യത്തേതിൽ നിന്നും തുടങ്ങാം. 'വികസനം' അതല്ലെങ്കിൽ മറ്റൊരു പൊതുസംജ്ഞ ഉപയോഗിച്ചാൽ, 'സാമ്പത്തികവളർച്ച'. സാമ്പത്തികശാസ്ത്രം എന്ന വിജ്ഞാനശാഖ കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി അവതരിപ്പിക്കുന്നത് വളർച്ചയെ പ്രേരിപ്പിക്കുകയും അതിന്റെ ചെലവുകളെയും പ്രയോജനങ്ങളെയും നിർണ്ണയിക്കുന്ന പ്രക്രിയകളെ സംബന്ധിക്കുന്ന ആശയക്കുഴപ്പമാണ്. വളർച്ചയെ ഉപാസിക്കലും അത് എല്ലാവർക്കും പ്രയോജനകരമാണെന്ന നാട്യവും. ഈ ആശയക്കുഴപ്പത്തെ മറച്ചുവയ്ക്കാനുള്ള (വളരെയൊന്നും വിജയകരമല്ലാത്ത) ഒരു ശ്രമമാണ്.


ഇന്ത്യയിലെ ശ്രോതാക്കളെ സംബന്ധിച്ച്, 2013-ൽ, ദേശീയ പൊതു തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് രാജ്യത്തെ ഏറ്റവും സമാദരണീയരായ രണ്ട് സാമ്പത്തിക ശാസ്ത്രജ്ഞൻമാർ തമ്മിൽ നടന്ന വളരെ പരസ്യമായ തർക്കത്തേക്കാൾ ഈ ആശയക്കുഴപ്പത്തെ ഏറ്റവും മികച്ചരീതിയിൽ ചിത്രീകരിക്കാൻ മറ്റൊന്ന് കണ്ടെത്താനാവില്ല. ജനതയെ ദാരിദ്ര്യത്തിൽ നിന്നും ഇല്ലായ്മയിൽ നിന്നും മുക്തമാക്കാൻ സാമ്പത്തികവളർച്ച അത്യാവശ്യമാണെന്ന് വാദിക്കുന്നവരും നീതിപൂർവ്വമായ പങ്കിടൽ ഏതൊരു വളർച്ചാപദ്ധതിയുടെയും അത്യന്താപേക്ഷിതമായ ഭാഗമാണെന്ന നിർബന്ധബുദ്ധിക്കാരായ മറുപക്ഷക്കാരും ലജ്ജയില്ലാതെ, പരസ്യമായ വിദ്വേഷത്തോടെ അഭിപ്രായ സംഘട്ടനത്തിലേർപ്പെട്ടു.

'മഹത്തരമായ ഇന്ത്യൻ വളർച്ചാ സംവാദം' എന്ന് നമുക്ക് വിളിക്കാവുന്ന ഈ നാടകത്തിലെ പ്രധാന അഭിനേതാക്കൾ, ഒരു ഭാഗത്ത് നോബേൽ ജേതാവായ അമർത്യാസെന്നും മറുഭാഗത്ത് കൊളംബിയ സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്രജ്ഞൻ ജഗതീഷ് ഭഗവതിയും ആയിരുന്നു. സെന്നിനൊപ്പം അദ്ദേഹത്തിന്റെ വിദ്യാർത്ഥിയും ദീർഘകാല സഹായിയുമായ ജീൻദ്രസ്സ് അണിനിരന്നപ്പോൾ ഭഗവതിക്കൊപ്പം അദ്ദേഹത്തിന്റെ സർവകലാശാലയിലെ സഹപ്രവർകനായ അരവിന്ദ് പനഗരിയും നിലയുറപ്പിച്ചു. പിൻതുടരേണ്ട ഉചിതമായ മാതൃകയെക്കുറിച്ച് അങ്ങനെ വാദമുഖങ്ങൾ ഉയർന്നു. മിതമായ വരുമാന വളർച്ചയായിട്ടും ഉ

പരിഭാഷ: പയസ്



അമർത്യ സെൻ



ജഗദീഷ് ഭഗവതി

യർന്ന സാമൂഹ്യ വികസനം സാദ്ധ്യമാക്കിയ കേരളമാതൃകയിൽ നിന്നും ചിലതൊക്കെ പഠിക്കാനുണ്ടെന്ന ചിന്താഗതിക്കാരായിരുന്നു സെന്നും ദ്രസും. സാമൂഹിക സൂചകങ്ങളിൽ കേരളത്തിന്റെ പുരോഗതി അതിശയോക്തി കലർന്നതാണെന്നും ആ ചലനശക്തി ക്ഷയിക്കുകയാണെന്നും ഭഗവതിയും പനഗരിയും ശഠിച്ചു. വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതങ്ങൾ മെച്ചപ്പെടുത്താൻ അവസരങ്ങൾ സൃഷ്ടിക്കുന്ന ഉയർന്ന വളർച്ചാനിരക്കുകളോടുകൂടിയ മികച്ച ഉദാഹരണമാണ് ഗുജറാത്ത് നൽകുന്നത് എന്നാണ് അവർ പറഞ്ഞത്. ഈ അഭിപ്രായ സംഘട്ടനം ഭൗതിക ഉത്പാദനത്തേയും അതിന്റെ വിതരണത്തേയും സംബന്ധിച്ച് മാത്രമായിരുന്നു. വളർച്ചാ സിദ്ധാന്തങ്ങൾ പൊതുപ്രാധാന്യമുള്ളതും നയപരമായതുമായ കാര്യമാകയാൽ സാമാന്യം പരസ്യമായി ചർച്ചചെയ്യപ്പെടുന്ന മട്ടിലാണ് ഭഗവതി വാദിച്ചത്. അതായത്, ഒരു രാജ്യത്തെ എല്ലാ പൗരന്മാരുടേയും ഭൗതിക ആവശ്യങ്ങൾ തൃപ്തിപ്പെടുത്തണമെങ്കിൽ ഉൽപ്പാദനത്തിന്റെ അളവ് വർദ്ധിപ്പിക്കേണ്ട ആവശ്യകതയുണ്ട്. യഥാർത്ഥലോകത്ത് കാര്യങ്ങളൊന്നും ആ രീതിയിലല്ല പ്രവർത്തിക്കുന്നതെന്ന് സെന്നും ദ്രസും വാദിച്ചു. അതായത്, സാമ്പത്തിക വളർച്ചയുടെ ഗതിനിർണ്ണയത്തിൻമേൽ ഭൗതിക ഉല്പന്നത്തിന്റെ വിതരണ സംവിധാനവും സ്വാധീനം ചെലുത്തുന്നുണ്ട്.

ഇതുവരെ നടന്ന സംവാദമെല്ലാം പൂർണ്ണമായും ഭൗതിക ഉത്പാദനത്തെയും അതിന്റെ വിതരണത്തെയും സംബന്ധിച്ചായിരുന്നു. 'പാരിസ്ഥിതിക സമ്പത്ത്' പോലെയുള്ള വ്യക്തമായി മനസ്സിലാക്കാനാവാത്ത വശങ്ങളെക്കുറിച്ച് ഒരു വാക്കു പോലും പറഞ്ഞില്ല. ബ്രിട്ടനിലെ ഓക്സ്ഫഡിൽ കഴിയുന്ന ഭാരതീയ വംശജനായ പാർത്ഥദാസ് ഗുപ്ത എന്ന മറ്റൊരു സാമ്പത്തിക ശാസ്ത്രജ്ഞൻ ഈ വശത്തെ ഒരു വിധത്തിൽ പ്രാധാന്യത്തോടെ അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞത്, സെന്നും ഭഗവതിയും തമ്മിലുള്ള വിവാദം രണ്ടുപേരിൽ നിന്നും പുറത്തുവന്നത് 'അത്യന്തം വ്യതിരിക്തമായ പരന്ന വായനയിൽ' നിന്നാണെന്നും അതുപക്ഷെ, 'തീർത്തും തെറ്റിദ്ധരിക്കപ്പെട്ട ഒരു പരസ്പര വിശ്വാസ (അതങ്ങനെയായിരുന്നു)ത്താൽ ഐക്യപ്പെട്ട'തായിരുന്നു എന്നുമാണ്. രണ്ട് സമീപനങ്ങളിലും വളർച്ചയും വിതരണവും 'പ്രകൃതി'യെ നിഷ്ക്രിയമായതും മാറ്റമില്ലാത്തതുമായ പ്രധാന ഭാഗമായി വീക്ഷിക്കുന്നു; അദ്ധ്വാനവും വിജ്ഞാനവും നിർമ്മിത മൂലധനവും മാത്രം ചിന്താവിഷയമായ ശൂന്യാകാശത്തിനുമപ്പുറമുള്ള ഒരു ഒഴിഞ്ഞസ്ഥലത്ത് സംഭവിക്കുന്നതായാണ് കാണപ്പെടുന്നത്. 'മൊത്ത ആഭ്യന്തര ഉത്പാദന' (Gross Domestic Product)ത്തിനകത്തെ 'പ്രാകൃത'മായ (Gross) എന്ന 'പരുക്കൻ വാക്കി' (rough word)നാൽ മുന്നോട്ടുനീങ്ങാനാവാത്ത അവസ്ഥയിലേക്ക് ഈ സംവാദം പൂർണ്ണമായും നയിക്കപ്പെട്ടു. 'മൊത്തമായ' (Gross) എന്ന സംജ്ഞ ഭൗതികസമ്പത്തിന്റെ ശോഷണത്തെ പാടെ അവഗണിക്കുന്ന ആന്തരാർത്ഥത്തോടുകൂടിയതാണ്. ജി.ഡി.പിയുടെ 'മൊത്ത' (Gross) അളവിലേക്ക് എത്തിച്ചേരാനായി സാമ്പത്തിക പ്രവർത്തനത്തിന്റെ, പ്രത്യേകിച്ച് പ്രകൃത്യാലുള്ള വിഭവസ്രോതസ്സുകളുടെ ശോഷണത്തെ, ഭൗതികപശ്ചാത്തലത്തെ പൂർണ്ണമായും അവഗണിക്കുന്നു. ആവശ്യമായിരുന്നത് ഉല്പന്നത്തെക്കുറിച്ചുള്ള സാമാന്യ സങ്കല്പമായിരുന്നില്ല, സമ്പത്തിനെ സംബന്ധിക്കുന്നതായിരുന്നു. ഒരു സമ്പദ്ഘടനയുടെ ആസ്തികളുടെ 'സാമൂഹ്യ വൈശിഷ്ടത' കൃത്യമായി പ്രതിഫലിപ്പിക്കാൻ അതിനെ വേണ്ടത്ര വിശാലമായി നിർവചിക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന ആസ്തിയിൽ 'നിർമ്മിത മൂലധനം', 'മനുഷ്യ മൂലധനം', 'വിജ്ഞാനം', 'പ്രകൃത്യാലുള്ള മൂലധനം' എന്നിവയും ഉൾപ്പെടും.

### കമ്പോള-സ്വകാര്യ താല്പര്യത്തിന്റെ യുക്തിക്കും അപ്പുറം

നിക്ഷേപത്തിൻമേലും ഉത്പാദനത്തിൻമേലുമുള്ള തീരുമാനങ്ങളിൽ നിന്നും വേറിട്ട് കണക്കിലെടുക്കേണ്ടതായ 'ബാഹ്യഘടകങ്ങളുടെ' (externalities) ഒരുനിര തന്നെയുണ്ട്. വരുമാനവും സമ്പത്തും കണക്കാക്കുന്ന സാധാരണ പ്രക്രിയയിൽ ഈ 'ബാഹ്യഘടകങ്ങളെ' അല്ലെങ്കിൽ 'ബാഹ്യപ്രഭാവങ്ങളെ' വിട്ടുകളയാറാണു പതിവ്. എന്നാൽ നിക്ഷേപത്തിന്റേയും വളർച്ചയുടേയും പ്രയോജനങ്ങളുടെ യഥാതഥമായ ഏതൊരു കണക്കുകൂട്ടലിലും ഈ 'മറ്റുള്ളവർക്കുണ്ടാവുന്ന (ഭാവി തലമുറകൾ ഉൾപ്പെടെ) പ്രത്യാഘാതങ്ങളെ' ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

നിഷേധാത്മകമായ (negative) തരത്തിലുള്ള 'ബാഹ്യഘടക'ത്തിനൊരു മാതൃകയാണ് വ്യാവസായിക നിക്ഷേപക പദ്ധതിയോടു ബന്ധപ്പെട്ട മലിനീകരണം അല്ലെങ്കിൽ ആരോഗ്യ വിപത്ത്. ഇവിടെ നിക്ഷേപകൻ അത് നേരിട്ട് കൈകാര്യം ചെയ്യണമെന്ന നിർബന്ധത്തിനു കീഴിലാകണമെന്നില്ല. ആശ്വാസ നടപടികൾക്കുള്ള പണം കണ്ടെത്താൻ നഗരപാലകരിലോ പൊതുഭരണ കർത്താക്കളിലോ

സമ്മർദ്ദം ചെലുത്താം. സാമൂഹികമായി വളരെയേറ ഗുണപ്രദമാകാവുന്ന തരത്തിലുള്ള പരിപാടികളെ ധനാത്മകമായ (positive) 'ബാഹ്യഘടക'ത്തിനു ഉദാഹരണമായി ചൂണ്ടിക്കാട്ടാം. ഒരു സമുദായത്തിന് പ്രയോജനപ്പെടുത്താനാകുന്ന, ഉദാഹരണമായി മെച്ചപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ സമ്പ്രദായങ്ങൾ, ശാസ്ത്രീയ ഗവേഷണ പരിപാടികൾ എന്നിവയെ അക്കൂട്ടത്തിൽപ്പെടുത്താം.

1995നും 2000ത്തിനും ഇടയിൽ ഇന്ത്യയിലെ പ്രതിശീർഷ സമ്പത്തിന്റെ  വാർഷിക വളർച്ചാ നിരക്കിൽ വളരെ മിതമായ, 0.2 ശതമാനത്തിന്റെ വർദ്ധനവുണ്ടായി എന്ന് ദാസ് ഗുപ്ത അദ്ദേഹത്തിന്റെ സഹപ്രവർത്തക സംഘത്തോടൊപ്പം ഒരു പരീക്ഷണാത്മകമായ നിഗമനത്തിൽ എത്തിച്ചേർന്നിരുന്നു. ഇത് അതേകാലയളവിലെ പ്രതിശീർഷ ജി.ഡി.പിയുടെ ഉയർന്ന വളർച്ചാ നിരക്കുകളേക്കാൾ വളരെ ദൂരെ ആയിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. സർവ്വപ്രധാനമായ പ്രകൃതിവിഭവങ്ങൾക്ക് മൂല്യം കൽപ്പിക്കാത്തതിനാൽ ഈ കണക്കുകൾ അപൂർണ്ണമായി അവശേഷിച്ചു. ബാഹ്യഘടകങ്ങളേയും കടുത്ത ദാരിദ്ര്യത്തെയും പ്രകൃതിക മൂലധനത്തിന്റെ (natural capital) ശോഷണത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണികളെ അംഗീകരിച്ചിരുന്നെങ്കിലും അവയെ അളക്കാൻ അഭിപ്രായപ്പൊരുത്തമുള്ള ഒരു പ്രവർത്തനപദ്ധതിയും ഉണ്ടായിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ നിന്നും പിൻതുടരുന്ന പ്രയോജനവാദ സിദ്ധാന്തം (utilitarian doctrine) എന്ന ആശയമായും പിന്നീട് ഗണിതശാസ്ത്ര സമവാക്യമായും നിർണ്ണയിക്കപ്പെട്ട 'പ്രയോജനത്വം' (utility) ഉദ്ദിഷ്ടകാര്യത്തിനുതകുന്നു എന്ന തത്വമാണ് ദാസ്ഗുപ്തയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും സ്വീകരിച്ചത്. ഇതൊരു മാനദണ്ഡമാണെങ്കിലും വിശ്വാസതയോടുകൂടിയ ഒരു ഏകകമായി നിർണ്ണയിക്കാനാവില്ല. ഇവിടെ ആത്മനിഷ്ടയുടെ ഒഴിവാക്കാനാവാത്ത ഒരു ഘടകമുണ്ട്. അത് വ്യത്യസ്ത വ്യക്തികളും അവരുടെ 'പ്രയോജനത്വ' നിർണ്ണയങ്ങളും തമ്മിലുള്ള താരതമ്യങ്ങളെ യഥാർത്ഥത്തിൽ അസാധ്യമാക്കി.

കമ്പോളവിലകളുടെ പ്രശ്നത്തെ അദ്ദേഹം അഭിമുഖീകരിച്ചത് 'അവ്യക്ത വിലകളുടേതായ' (shadow prices) ഒരു ബദൽ അളവുകോൽ ഏർപ്പെടുത്തിക്കൊണ്ടാണ്. അത് പ്രയോജനതത്വത്തിന്റെ വെറും സ്വകാര്യകണക്കുകൂട്ടലുകളെ (ആനന്ദത്തിന്റെയും വേദനയുടേതുമായ) മാത്രമല്ല പ്രതിഫലിപ്പിക്കുക, വ്യാപകമായ സാമൂഹിക മാനങ്ങളേയും ഉൾക്കൊള്ളുന്നു. ദാസ് ഗുപ്തയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും വരുമാനവും സമ്പത്തും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചു. കാലാന്തരേണ, ആസ്തിയുടെ അടിത്തറയെ നിലനിർത്താൻ പരിപോഷിപ്പിക്കുന്ന വരുമാനത്തിന്റെ ഒഴുക്ക് ഇല്ലാതാകുന്നതോടെ സാമൂഹ്യസമ്പത്തും ശോഷിക്കും.

ഈ സമീപനവുമായി ബന്ധപ്പെട്ട പ്രശ്നം മൂല്യനിർണ്ണയത്തിന്റേതായിരുന്നു. ഉദാഹരണമായി വനങ്ങൾ. വനങ്ങളിൽ നിന്നും ലഭിക്കാവുന്ന തടികളുടെ സംഞ്ജയിലാണ് ദാസ് ഗുപ്ത അവയുടെ മൂല്യനിർണ്ണയം നടത്തിയത്, അല്ലാതെ അവ നൽകുന്ന 'പരിസ്ഥിതിക സേവനങ്ങളുടെ' (ecosystem services) സംഞ്ജയിലല്ല. ഇവ രണ്ടിനേയും പൊരുത്തപ്പെടുത്താവുന്ന ഒരു മാർഗ്ഗമില്ലേ എന്ന് ന്യായമായും ചോദിക്കാവുന്നതാണ്. വനത്തിന്റെ മൂല്യനിർണ്ണയത്തെ സംബന്ധിക്കുന്ന കഴ്ചപ്പാടുകളിൽ ഒരു തടിവ്യവസായിയും വനവാസിയായ ഒരു സമുദായാംഗവും തമ്മിൽ സ്വരൈക്യം കൊണ്ടുവരാനുള്ള മാർഗ്ഗമൊന്നുമില്ലേ? പ്രത്യക്ഷമായ ഒരു ഉദാഹരണം എടുക്കുകയാണെങ്കിൽ, ഒഡിഷയിലെ നിയാംഗിരി കുന്നുകളിൽ ഒരു ബോക്സൈറ്റ് ഖനിയും അലുമിന ശുദ്ധീകരണശാലയും സ്ഥാപിക്കാനുള്ള നിർദ്ദേശത്തെ പരിഗണിക്കാം. ഇതിൽ ഉൾപ്പെടുന്ന ഖനന കമ്പിനിയായ ലണ്ടനിലെ വേദാന്തയെ സംബന്ധിച്ച് ബോക്സൈറ്റിനാൽ സമ്പന്നമായ നിയാംഗിരി കുന്നുകൾക്ക് മൂല്യം നിശ്ചയിക്കുന്നത് ആ ചരക്കിന്റെ ഇപ്പോഴത്തെ കമ്പോള വിലയുടെ അടിസ്ഥാനത്തിലാണ്. ആ കുന്നുകളിൽ ജീവിക്കുന്ന സമുദായങ്ങളുടെ പിഴുതെറിയപ്പെടലിന്റെ 'ബാഹ്യപ്രഭാവങ്ങളെ'ക്കൂടി കണക്കിലെടുത്താൽ, അവരെ പുനരധിവസിപ്പിക്കുന്നതിനായി നിശ്ചിത ചെലവുകൾ അനുവദിക്കാൻ ആ ചരക്കിന്റെ മൂല്യം താഴ്ത്തേണ്ടി വരും. നൂറ്റാണ്ടുകളായി നിയാംഗിരിയിൽ താമസിക്കുന്ന ഡോംഗിരിയ കോന്ദ് സമുദായക്കാരെ സംബന്ധിച്ചിടത്തോളം ആ കുന്നുകളെ ഖനന സ്രോതസ്സായി കാണാനാവില്ല. മറിച്ച് ജീവിതം താങ്ങിനിർത്തുന്ന വാസസ്ഥലമാണത്. ബോക്സൈറ്റിന്റെ കമ്പോള മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെ കണക്കാക്കുന്നത് അവരുടെ ജീവിതത്തേയും സംസ്ക്കാരത്തേയും വിലകുറച്ച് കാണലും 'ഉൽക്കൃഷ്ട ബദൽ' എന്ന് സങ്കല്പിക്കപ്പെടുന്ന ആധുനിക വ്യവസായത്തെ പ്രതിഷ്ടിക്കലുമാണ്. തദ്ദേശീയരായ വളരെ ചുരുക്കം സമുദായങ്ങൾക്ക് മാത്രമേ അവരുടെ പരമ്പരാഗതവാസസ്ഥലങ്ങളിൽ സ്ഥാപിതമായ വ്യവസായങ്ങളിൽ നിന്നും ഗുണമുണ്ടായിട്ടുള്ളൂ എന്ന അനിഷേധ്യമായ വസ്തുതമാറ്റി നിർത്തിയാൽത്തന്നെ, ഉൽക്കൃഷ്ടമായ ബദലെന്ന് സങ്കല്പിതമായ ഒന്നിനെ അവർക്കുമേൽ അടിച്ചേൽപ്പിക്കുന്ന ഈ നടപടി ഒരു ജനാധിപത്യ രാഷ്ട്രത്തിലെ സമന്മാരായ പൗരൻമാർ എന്ന നിലയിൽ അവരുടെ അന്തസ്സിന് തുരങ്കംവെക്കലാണ്.

2006ൽ വേദാന്ത നിയാംഗിരിയുടെ താഴ്വരയിലുള്ള കുന്നുകളിൽ ഒരു അലുമിനിയം ശുദ്ധീകരണശാല സ്ഥാപിച്ചെങ്കിലും നിയാംഗിരി കുന്നുകളിൽ ബോക്സൈറ്റ് ഖനനം വികസിപ്പിച്ചെടുക്കാൻ കഴിയാത്തതിനാൽ അത് ശേഷിക്കൊത്ത് പ്രവർത്തിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. എല്ലാ ഭാഗത്തു നിന്നുമുള്ള ഹരജികളും കേട്ടശേഷം, നിയാംഗിരി കുന്നുകൾ ബോക്സൈറ്റ് ഖനനത്തിനായി വിട്ടുകൊടുക്കണോ എന്ന വിഷയത്തിൽ അന്തിമ തീരു

മാനമെക്കാനുള്ള അവകാശം അവിടെ വസിക്കുന്ന സമുദായക്കാർക്കാണെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. തുടർന്ന് അനവധി ഗ്രാമസഭായോഗങ്ങൾ ചേർന്നു. എല്ലാം യോഗങ്ങളും ബോക്‌സൈറ്റ് കമ്പനികൾക്ക് അനുമതി നിഷേധിക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ, ആധുനികത്വത്തിന്റെ മത്സരസ്വഭാവമുള്ള അവകാശവാദങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട്, ഡോംഗ്റിയ കോന്ദ് സമുദായത്തിനും മറ്റു തദ്ദേശീയ സമുദായങ്ങൾക്കും അവരുടെ ജീവിതശൈലികൾക്കൊത്ത് നിലനിൽക്കാനും അഭിവൃദ്ധിപ്രാപിക്കാനുമുള്ള അവകാശമുണ്ടെന്ന് വ്യക്തമായി പ്രസ്താവിക്കാൻ ഇതിലൂടെ കഴിഞ്ഞു. ഒരു ജനാധിപത്യ രാഷ്ട്രത്തിലെ സമന്മാരായ പൗരന്മാർ എന്ന നിലയിൽ, വികസന മുൻഗണനകളുടെ നിർണ്ണയത്തിൽ വൻ വ്യാപാരവൃന്ദങ്ങൾക്കും രാഷ്ട്രീയ അധികാരശ്രേണികൾക്കുമുള്ളപോലെ അവർക്കുള്ള അവകാശത്തെ അവർ ഉറപ്പിച്ചു.

ഡോംഗ്റിയ കോന്ദ് സമുദായത്തിനും മറ്റു തദ്ദേശീയ സമുദായങ്ങൾക്കും അവരുടെ ജീവിതശൈലികൾക്കൊത്ത് നിലനിൽക്കാനും അഭിവൃദ്ധിപ്രാപിക്കാനുമുള്ള അവകാശമുണ്ടെന്ന് വ്യക്തമായി പ്രസ്താവിക്കാൻ ഇതിലൂടെ കഴിഞ്ഞു. ഒരു ജനാധിപത്യ രാഷ്ട്രത്തിലെ സമന്മാരായ പൗരന്മാർ എന്ന നിലയിൽ, വികസന മുൻഗണനകളുടെ നിർണ്ണയത്തിൽ വൻ വ്യാപാരവൃന്ദങ്ങൾക്കും രാഷ്ട്രീയ അധികാരശ്രേണികൾക്കുമുള്ള പോലെ അവർക്കുള്ള അവകാശത്തെയും അവർ ഉറപ്പിച്ചു.

**പ്രകൃതിയെ വിനിയോഗിക്കൽ**

പ്രകൃത്യാലുള്ള വിഭവസ്രോതസ്സുകളിൽ നിന്ന്, സാങ്കേതികവിദ്യാപരമായ മാർഗ്ഗങ്ങൾ ഇടനിലയിൽ വർത്തിക്കുന്ന വിവിധരീതികളിലുള്ള വിനിയോഗത്തിന്റെ ഫലമാണ് വളർച്ച. 1930-കളുടെ ആരംഭത്തിൽ തന്നെ ഒരു കൂട്ടം സാമ്പത്തിക സൈദ്ധാന്തികർ വിഭവശ്രോതസ്സുകളുടെ ശോഷണത്തെ യാഥാർത്ഥ്യബോധത്തോടെ കണക്കിലെടുത്തിട്ടുണ്ട്. മുൻകാല സൈദ്ധാന്തികനായ ഹാരോൾഡ് ഹോട്ടല്ലിംഗിന്റെ നിർണ്ണയത്തിൽ, മുഖ്യധാരാ സാമ്പത്തികശാസ്ത്രം വിഭവസ്രോതസ്സ് ചൂഷണം ചെയ്യുന്നതിൽ നിന്നുള്ള ഇപ്പോഴത്തെ ആനന്ദങ്ങളും ഭാവിയിൽ ചേതം സംഭവിക്കാനുള്ള സാധ്യതയും തമ്മിലുള്ള സന്തുലനത്തിൽ ചുറ്റിപ്പറ്റി തിരിയുകയാണ്. 'വിദൂരഭാവിയിൽ വിഭവസ്രോതസ്സിൽ നിന്നുണ്ടാകാവുന്ന ആനന്ദത്തിന്റെ അളവ് അനിശ്ചിതമാണ്' എന്ന തത്വത്തിന് അനുസൃതമായി ഭാവി മൂല്യങ്ങളെ കുറച്ചുകാണിക്കുന്നു. ഒരു സംരംഭകൻ ഭാവിയിലെ ആനന്ദത്തെ കുറച്ചുകാണിക്കാൻ പലിശയുടെ കമ്പോളനിരക്കിനെ ഉപയോഗിക്കുകയും അവയുടെ ഇപ്പോഴത്തെ മൂല്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

സാമൂഹ്യ മൂല്യത്തിന്റെയും എറ്റവും അനുകൂലമായ പൊതുനയത്തിന്റെയും നിർണ്ണയങ്ങളിൽ കമ്പോളനിരക്ക് അനുഗുണമാവുകയാണെങ്കിൽ അത് പരിഗണിക്കാൻ ഹോട്ടല്ലിംഗ് സന്ദേഹിച്ചു. അദ്ദേഹത്തിന്റെ സന്ദേഹം അധികം നീണ്ടുനിന്നില്ല. പലിശനിരക്ക് നിർണ്ണയിക്കുന്നത് വളരെ വിപുലമായ വിഭിന്നശക്തികളാണ് എന്ന തീർപ്പിൽ അദ്ദേഹം വളരെ വേഗമെത്തി. പലിശനിരക്ക് നിർണ്ണയിക്കുന്നതിൽ ഒരുപാട് ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇവിടത്തെ അനുമാനം. സാധ്യമായ എല്ലാ സാമൂഹിക അവബോധങ്ങളിലും അത് പ്രതിഫലിക്കുന്നുണ്ട്. ഒന്നാമതായി, കേന്ദ്രബാങ്കുകളുടെ ക്ലിപ്ത കാലയളവിലുള്ള തീരുമാനങ്ങളാൽ എങ്ങനെയാണ് ഇന്ന് പലിശനിരക്ക് നയം നിർണ്ണയിക്കപ്പെടുന്നത് എന്ന് നമ്മൾ കണ്ടിട്ടുള്ളതാണ്. ഇത് ചോദ്യം ചെയ്യപ്പെടേണ്ടതായ ഒരു അനുമാനമാണ്. രണ്ടാമതായി, ഉയർന്ന ധനനിക്ഷേപമുള്ളവർക്കും കുറഞ്ഞ ധനനിക്ഷേപമുള്ളവർക്കും ഒരേ ഭരണാധികാരമാണോ ഉള്ളതെന്നതും ചോദ്യം ചെയ്യേണ്ടതാണ്. മൂന്നാമതായി, വലിയ വിഭാഗം ജനങ്ങൾ ഇപ്പോഴും പണിയെടുക്കുന്നത് കഷ്ടിച്ച് കഴിഞ്ഞുകൂടാവുന്ന സാമ്പത്തിക സ്ഥിതിയിലാണ്, പ്രത്യേകിച്ച് ഇന്ത്യയിലെ ആദിവാസി സമുദായങ്ങൾ കടുത്ത ദാരിദ്ര്യത്തിലാണ് കഴിയുന്നത്. അവർക്ക് ബാങ്കിംഗ് സമ്പ്രദായം തന്നെ എത്തിപ്പിടിക്കാവുന്നതിനുമപ്പുറത്താണ്. എങ്ങനെയാണ് അവർക്ക് നിരക്കുകൾ നിർണ്ണയിക്കുന്ന ധനകാര്യ കമ്പോളങ്ങളിൽ സ്വാധീനം ചെലുത്താനാകുക എന്നത് അവ്യക്തമാണ്. മറ്റുള്ളവരാൽ നിയന്ത്രിക്കപ്പെടുന്ന ധനകാര്യ കമ്പോളങ്ങൾ ആദിവാസി ജീവിതങ്ങളിൽ ഉണ്ടാക്കുന്ന ശക്തമായ സ്വാധീനം അത്ര അവ്യക്തമല്ല, അത്ര ഹിതകരവുമല്ല.


വിഭവസ്രോതസ്സുകളുടെ വിനിയോഗത്തിൽ കമ്പോളം നിഷ്പക്ഷവും അപ്രമാതദിത്വവുമുള്ളതും ആകുമെന്നാണ് ആധുനിക സാമ്പത്തികശാസ്ത്രം വിശ്വസിക്കുന്നത്. അതിന്റെ നേരിയൊരു സാധ്യത പോലും സമ്മതിച്ചുകൊടുക്കാനാകില്ല. കാരണം, ഇന്നത്തെ തെറ്റായ ഒരു തീരുമാനം തലമുറകൾക്കുശേഷം കനത്ത വില നൽകേണ്ടിവരാവുന്ന അവസ്ഥയിൽ സമ്പദ്ഘടനയെ എത്തിക്കും. ഇതും സങ്കീർണ്ണതകളെ അഭിമുഖീകരിക്കാൻ ശ്രമിക്കുന്ന ക്ലാസ്സിക്കൽ പൊളിറ്റിക്കൽ എക്കോണമിയും തമ്മിലുള്ള വൈരുധ്യം, ഇതിന് കർശനമായിരിക്കാനാവില്ല എന്നതാണ്. മനുഷ്യ സമൂഹത്തിന് പ്രയോജനപ്രദമായ മാർഗ്ഗങ്ങളിൽ പ്രകൃതിയെ വിനിയോഗിക്കുന്നതിനുള്ള ഒരു പ്രക്രിയയാണ് സാങ്കേതികവിദ്യ. ഒരു സ്വതന്ത്ര ജനാധിപത്യക്രമത്തിൽ അതിന്റെ പ്രവർത്തനക്ഷമമായ നിയമങ്ങൾ പതിനേഴാം നൂറ്റാണ്ടിനൊടുവിൽ ബ്രിട്ടീഷ് തത്വചിന്തകനാ

➪ പ്രകൃതിക്കുമേൽ ആദ്യം കൈവെക്കുന്നവന് മിക്കവാറും കേവല അവകാശമാണ് ലോക്കെ സങ്കൽപ്പിച്ചത് ➪


ഹരോൾഡ് ഹോട്ടല്ലിംഗ്


ആദം സ്മിത്ത്


മാൽത്ത്യൂസ്


ജോൺ സ്റ്റുവർട്ട് മിൽ

യ ജോൺ ലോക്കെ എഴുതിവച്ചിട്ടുള്ളതാണ്. ഭൂമിയും അതിലെ എല്ലാ ചെറിയ ജീവജാലങ്ങളും മനുഷ്യവർഗ്ഗത്തിനാകെ പൊതുവായി പിൻതുടർച്ചാവകാശമുള്ളവയാണ്. എന്നാൽ ഓരോ വ്യക്തിക്കും 'അവനവന്റേതായ സ്വന്തമായൊരു സവിശേഷ കഴിവുണ്ട്'. അപ്പോൾ 'അവന്റെറ ശരീരത്തിന്റെ അധ്വാനവും അവന്റെ കൈകളുടെ പ്രവൃത്തിയും' അവകാശമായി തന്നെ അവന്റേതാണ്.

### അദ്ധ്വാനവും പ്രകൃത്യാ സ്വത്തിനുള്ള അവകാശവും

ഒരു വ്യക്തി അവന്റെ പരിശ്രമത്താൽ എന്തിനെയെങ്കിലും പ്രകൃതി പ്രദാനം ചെയ്ത അവസ്ഥയിൽ നിന്നും മാറ്റുന്നുണ്ടെങ്കിൽ അവൻ അവന്റെ അദ്ധ്വാനത്തെയും കൂട്ടിക്കലർത്തുന്നു, അവന്റേതായ ചിലത് കൂട്ടിച്ചേർക്കുന്നു, അങ്ങനെ അതിനെ അവന്റെ സ്വത്തായിത്തീർക്കുന്നു. പ്രകൃതി എല്ലാവർക്കുമായി നീക്കിവെച്ച വസ്തുവിൻമേൽ അവന്റെ അദ്ധ്വാനം കൂട്ടിച്ചേർക്കുകവഴി, അവൻ മറ്റു മനുഷ്യരുടെ പൊതുവായ അവകാശത്തെ അകറ്റി നിർത്തുന്നു. ഈ അദ്ധ്വാനം പണിയെടുത്തവന്റെ ചോദ്യം ചെയ്യപ്പെടാനാവാത്ത സ്വത്തായിരിക്കെ ആ അദ്ധ്വാനം എന്തിനോടാണോ കൂട്ടിച്ചേർത്തത് അതിൻമേൽ അവനല്ലാതെ മറ്റാർക്കും ഒരവകാശവുമുണ്ടാകില്ല. മറ്റുള്ളവർക്ക് പൊതുവായി വല്ലതും അവശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ അത്രയും നല്ലതെന്നുമാത്രം. പ്രകൃതിയെ വിനിയോഗിക്കുന്നതിൽ സാങ്കേതികവിദ്യ അദ്ധ്വാനത്തിന്റെ സഹായത്തിനെത്തുന്നു. പൊതുവായ പ്രകൃതിക്കുമേൽ ആദ്യം കൈവെക്കുന്നവന് മിക്കവാറും കേവല അവകാശമാണ് ലോക്കെ സങ്കൽപ്പിച്ചത്. മറ്റുള്ളവർക്ക് സമാനമായ അവസരം നിഷേധിക്കാത്തിടത്തോളം അത്ര കുഴപ്പമില്ല. ആരാണോ പ്രകൃതിക്കുമേൽ ആദ്യമായി സ്വന്തം അദ്ധ്വാനം കൂട്ടിക്കലർത്തുന്നത് പ്രകൃതിയെ വിനിയോഗിക്കുന്നതിനുള്ള അവകാശം അവന് മാത്രമായി അവശേഷിക്കുന്നതിനുള്ള ഭാഗികമായ കാരണം 'പ്രകൃതി' അനന്തമായ വിഭവസ്രോതസ്സ് ആണെന്നതായിരുന്നു. ഓരോ മനുഷ്യന്റേയും സ്വാഭാവികമായ അർഹതയെ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്ന് സ്വഭാവാനുസാരമായ മനോഭാവങ്ങളാണ്. സാമൂഹത്തിലെ ഉത്പന്നമതികളല്ലാത്തവർക്ക് 'അദ്ധ്വാനശീലരും ബുദ്ധിശാലികളു'മായ അധീശവർഗ്ഗത്തിന്റെ അവകാശവാദങ്ങൾക്കു മുമ്പിൽ തങ്ങളുടെ ആവശ്യങ്ങളെ സമർത്ഥിച്ചെടുക്കുന്നതിനായി കീഴടങ്ങേണ്ടി വരികയും വിധേയമായി കഴിയേണ്ടി വരികയും ചെയ്യുന്നു. ലോക്കെയെ സംമ്പന്ധിച്ചിടത്തോളം, മനുഷ്യന് അവന്റെ അദ്ധ്വാനത്തിനുമേൽ മാത്രമല്ല ഉടമസ്ഥാവകാശമുള്ളത്, അവന്റെ വേലക്കാരുടെമേലും വളർത്തുമൃഗങ്ങളുടെ മേലും അവകാശമുണ്ട്. "മറ്റുള്ളവർക്കൊപ്പം പൊതുവായി എനിക്കും അവകാശമുള്ള സ്ഥലത്ത്, എന്റെ കുതിര കടിച്ച പുൽമേടും എന്റെ വേലക്കാരൻ വെട്ടിയൊരുക്കിയ പുൽത്തകിടിയും എവിടെയൊക്കെയാണോ ഞാൻ അയിര് കുഴിച്ചെടുത്തിട്ടുള്ളത് അവിടമാകയും ഔപചാരികമായ അധികാര കൈമാറ്റം ഇല്ലാതെ തന്നെ, അല്ലെങ്കിൽ ആരുടെയും സമ്മതം കൂടാതെ തന്നെ എന്റെ സ്വത്തായിത്തീരുന്നു". ലോക്കെയുടെ ലിബറൽ ജനാധിപത്യ സിദ്ധാന്തത്തിനകത്ത് അസമത്വത്തിനും അവകാശങ്ങളുടെ കണ്ടുകെട്ടലിനും ശാരീരികമായ ശേഷികളും കഴിവുകളും ഒരു അവിഭാജ്യഘടകമായിത്തീരുന്നത് ഒരു പ്രത്യേക ന്യായീകരണം ആവശ്യപ്പെടുന്നു.

മനുഷ്യവർഗ്ഗത്തിൽ അദ്ധ്വാനശീലവും ബുദ്ധിശക്തിയും ഉള്ളതെല്ലാം അദ്ധ്വാനത്തിൽ ആവിഷ്ക്കരിക്കപ്പെടുകയും സ്വത്തിന്റെ സ്ഥാപിക്കലിൽ സഫലീകരിക്കപ്പെടുകയും ചെയ്യുന്നു. ആവശ്യത്തിൽ കവിഞ്ഞ് കൂട്ടിച്ചേർത്തുവെയ്ക്കുന്ന വ്യക്തികളാൽ ഈ സ്ഥാപിക്കൽ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ടായിരുന്നു. പക്ഷേ അപ്പോഴേക്കും സഹജമായൊരു നിയന്ത്രണം—വീണ്ടും പ്രകൃതി നിയമത്തിൽനിന്നും ഉരുത്തിരിഞ്ഞു വന്നതുതന്നെ—സ്വയം അതിന് തടയിടുന്നു. അനീതി കിടക്കുന്നത് അളവില്ലാത്തത്രയും കൂമ്പാരം കൂട്ടുന്നതിലല്ല, മറിച്ച് ഒരു മനുഷ്യന്റെ ഉടമസ്ഥാവകാശത്തിൽ കുമിഞ്ഞുകൂടുന്നതെന്തും പാഴായിപ്പോകാ

നുള്ള സാധ്യതയിലാണ്. ദുരുപയോഗ സാധ്യതയ്ക്ക് തടയിടാനുള്ള ഒരു മാർഗ്ഗം വ്യാപാരവും വിനിമയവുമാണ്. ബ്രിട്ടൻ അപ്പോഴേക്കും പുതു ലോകത്തിൽ വ്യാവസായിക മുതലാളിത്ത വ്യവസ്ഥയ്ക്ക് കാഴ്ചയിൽ അനന്തമായതെന്ന് തോന്നിപ്പിക്കുന്ന മേച്ചിൽപ്പുറങ്ങൾ തുറന്നിടുകയും ലോകത്തിലെ പ്രധാന വ്യാപാരിയായി ഉയർന്നുവരികയുമായിരുന്നു.

ആദംസ്മിത്തിന്റെ ചിന്തയിൽ ലോക്കെയുടെ ലോക വീക്ഷണത്തിന്റെ അനവധി സിദ്ധാന്തങ്ങൾ ആഴത്തിൽ സാംശീകരിച്ചിട്ടുണ്ട്. അദ്ധ്വാനം സ്വത്തിനുള്ള നീതിയുക്തമായ അവകാശമാണെന്നതും മൂല്യത്തിന്റെ അളവാണെന്നതുമുള്ള സ്മിത്തിന്റെ ചിന്താവിഷയങ്ങൾ വ്യക്തമായും ലോക്കെയിൽ നിന്നും ഉറവയെടുത്തതാണെന്നും കാണാം. സ്മിത്തിനെ പിന്തുടർന്ന സാമ്പത്തിക നയചിന്തകരായ റിക്കാർഡോയും മാൽത്തൂസും വികസനത്തിന്റെ ചലനാത്മകതയെ നിലനിർത്താനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യവസ്ഥാനുസൃതമായ ബന്ധങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ച് ഉൽക്കണ്ഠയുള്ളവരായിരുന്നു. എന്നാൽ പ്രകൃതി അല്ലെങ്കിൽ പരിസ്ഥിതി തന്നെ ഒരു പരിധി കണ്ടെത്തിക്കൊണ്ടിരിക്കുകയായിരുന്നു. വ്യാവസായിക വളർച്ചയുടെ പുതിയ ഘട്ടത്തെ പ്രകീർത്തിച്ച റക്കാർഡോ പക്ഷേ, അത് സ്തംഭനാവസ്ഥയിലേക്കാണ് നീങ്ങുന്നതെന്നും മനസ്സിലാക്കിയിരുന്നു.

ഉൽപ്പാദനക്ഷമമായ ഭൂപ്രദേശങ്ങളിൽ നിന്നും അത്ര അനുകൂലമല്ലാത്ത ഭാഗങ്ങളിലേക്ക് അത് വികസിച്ചതോടെ ഭൂമിയിൽ കുത്തകാവകാശങ്ങളെ നേരിടേണ്ടി വരുന്നു. ഉൽപ്പാദനക്ഷമമല്ലാത്ത ഭൂപ്രദേശങ്ങൾക്ക് ഭൂവുടമകൾ ഈടാക്കുന്ന വാടകകൾ തൊഴിലാളികളുടെ കൂലി കുറക്കാനും നിക്ഷേപം നടത്താനുള്ള മിച്ചമൂല്യത്തിന്റെ വിഹിതത്തിൽ കുറവ് വരുത്താനും നിർബന്ധിതമാക്കുകയും സമ്പദ്ഘടനയെ സ്തംഭനാവസ്ഥയിലേക്കും രാഷ്ട്രീയ അസ്ഥിരതയിലേക്കും കലാപങ്ങളിലേക്കും നയിക്കുന്നു.

**സ്തംഭനാവസ്ഥയുടെ ഭയാനകത**

ഈ വിഷമാവസ്ഥ തിരിച്ചറിഞ്ഞ മാൽത്യൂസ്, നിയന്ത്രണമില്ലാതെ കുട്ടികൾക്ക് ജന്മം നൽകുന്ന ദരിദ്രർ കുടുംബത്തിന്റെ വലിപ്പം കുറക്കാനുള്ള ഉത്തരവാദിത്വം സ്വന്തം താൽപ്പര്യപ്രകാരം ഏറ്റെടുക്കില്ലെന്ന മുന്നറിയിപ്പും നൽകി. ഇതിനു നേർവിപരീതമായി, ഭൂവുടമവർഗ്ഗം കുടുംബത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ച് അവരുടെ സമ്പാദ്യങ്ങൾ ദുർവ്യയം ചെയ്യാതെ, ജീവിതനിലവാരം ഉയർത്തുന്ന ഉൽപ്പാദനക്ഷമമായ ഉപയോഗങ്ങൾക്കായി നിക്ഷേപിക്കുന്നു. ദരിദ്രരുടെ സേവനങ്ങൾ ആവശ്യമായി വരുന്നതിനാൽ ഇവ രണ്ടും അവർക്കാണ് ഗുണപ്രദമാകുക. റെക്കാർഡോ ഇവയെ ധനാത്മകമായ ഭാര (positive burden) ത്തിനുമപ്പുറമുള്ള ഒന്നായാണ് കാണാൻ ശ്രമിച്ചതെന്നാലും, ഭൂവുടമകൾ സ്വൈരൈക്യമുള്ള ഒരു സമൂഹത്തിനായി സംഭാവനകൾ നൽകുന്ന ഹിതകരമായ ഒരു സാന്നിധ്യമായിരുന്നു.

ഉത്തമ രാഷ്ട്രീയ സമ്പദ്ഘടന (classical political economy) യെ സംബന്ധിച്ച്, ഉൽപ്പാദന പ്രക്രിയ വ്യത്യസ്ത വർഗങ്ങൾ തമ്മിലുള്ള സാമൂഹിക കരാറിൽ അധിഷ്ടിതമായിരുന്നു. അതേസമയം പ്രകൃതിക്കകത്തുള്ള ഒരു ബന്ധത്തിലും അധിഷ്ടിതമായിരുന്നു. ഈ വിഷയം തന്നെ ആ കാലത്ത് രാഷ്ട്രീയത്തിന്റെയും രാജ്യഭരണനയത്തിന്റേതുമായ മണ്ഡലത്തിൽ രൂപംകൊണ്ടതായിരുന്നു. റിക്കാർഡോവിനു ശേഷമുള്ള തലമുറയിലെ ജോൺ സ്റ്റുവർട്ട് മിൽ സാമ്പത്തിക ഉൽപ്പാദനത്തിനുവേണ്ട രണ്ടു അവശ്യോപാധികളെ തിരിച്ചറിഞ്ഞിട്ടുണ്ട്; 'അദ്ധ്വാനവും അനുഗുണമായ പ്രകൃത്യാലുള്ള വസ്തുക്കളും'. പ്രകൃതി, മനുഷ്യകരങ്ങളാൽ അടയാളപ്പെടുത്തുന്ന ആകാരങ്ങളുടേയും വസ്തുവകകളുടേയും പ്രവർത്തനശക്തിയില്ലാത്ത ഗുണഭോക്താവല്ല. മറിച്ച്, അദ്ധ്വാനവുമായി യോജിച്ചു പ്രവർത്തിക്കുന്നതും അദ്ധ്വാനത്തിനു പകരമായിപ്പോലും ഉപയോഗപ്പെടുത്താവുന്നതുമായ സജീവ ഊർജ്ജങ്ങളുടെ സ്രോതസ്സാണ്. റക്കാർഡോവിന്റേയും മാൽത്തൂസിന്റേസയും അശുഭാപ്തി വിശ്വാസങ്ങൾക്ക് വിരുദ്ധമായി, ഇത് എഴുതിയ കാലം മുതൽക്കെ മിൽ പ്രത്യാശയോടെ കണ്ടിരുന്ന കാര്യങ്ങളിലൊന്ന് സുപ്രധാനമായ രാഷ്ട്രീയപരിഷ്ക്കാരങ്ങളും നവലോകത്തിന്റെ വിസ്തൃതമായ ഭൂപ്രദേശങ്ങളുടെ ത്വരിതഗതിയിലുള്ള കോളനിവൽക്കരണവുമായിരുന്നു.

ജോൺ സ്റ്റുവർട്ട് മിൽ 'സ്തംഭനാവസ്ഥ'യെ (stationary state) കണ്ടത് ഭയപ്പെടേണ്ട ഒന്നായിട്ടല്ല. മറിച്ച്, സാമ്പത്തിക വളർച്ചയ്ക്കായുള്ള അപരിമിതമായ അന്വേഷണത്തിൽ നിന്നും ഉയർന്നുവരാവുന്ന കോട്ടങ്ങളിൽ ചിലതിനെ പരിഹരിക്കാനുള്ള അവസരമായിട്ടാണ്. സ്വത്തിന്റെ വർദ്ധനവിന് പരിധിയില്ലാതിരിക്കാനാകില്ല, അതുകൊണ്ട് 'സ്തംഭനാവസ്ഥ' ഉണ്ടായേ തീരൂ. അത് നീട്ടിക്കൊണ്ട് പോകാമെന്ന് സങ്കൽപ്പിക്കാമെന്നുമാത്രം. എന്നാൽ അതിനെ തുടർന്ന് 'പുരോഗമനോന്മുഖമായ അവസ്ഥ' (progressive state) ഉണ്ടാവേണ്ടത് അനിവാര്യമാണ്.

മനുഷ്യപുരോഗതിയിൽ ഒരു നിശ്ചലാവസ്ഥ ഇത് അർത്ഥമാക്കുന്നില്ല. മറിച്ച്, അതിനേക്കാളേറെ വ്യാവസായിക മുതലാളിത്ത വ്യവസ്ഥയുടെ സാധാരണ അവസ്ഥയിൽ (normal state) നിന്നും, ജീവിച്ചുപോകാനുള്ള കഷ്ടപ്പാടുകളിൽ നിന്നും, ചവിട്ടിതാഴ്ത്തൽ, അടിച്ചമർത്തൽ, കൈയ്യൂക്ക്, കുതികാൽ വെട്ടൽ എന്നിവയിൽ നിന്നും കൂട്ടായ വീണ്ടെടുപ്പിനുള്ള ഒരവസരമാണ്. ആരും ദരിദ്രരല്ലാത്തതും, ആരും ധനവാകാനാവാൻ ഇച്ഛിക്കാത്തതും, മറ്റുള്ളവരുടെ സ്വയം മുന്നേറാനുള്ള ശക്തമായ ശ്രമങ്ങളാൽ തങ്ങൾ ബലമായി പിൻതള്ളപ്പെടുമെന്ന് യാതൊരു കാരണവശാലും ഭയപ്പെടേണ്ടതില്ലാത്തതുമായ അവസ്ഥയാണ് മാതൃകാപര

മായ അവസ്ഥ എന്ന വിവേകം വീണ്ടെടുക്കാൻ സ്തംഭനാവസ്ഥ മനുഷ്യവർഗ്ഗത്തിന് അവസരമൊരുക്കുന്നു. 'പ്രകൃതിയുടെ സ്വാഭാവികമായ പ്രവർത്തനത്തിന്' വിട്ടുകൊടുക്കുകയാണെങ്കിൽ ലോകം എങ്ങനെയുള്ളതായിരിക്കാമെന്ന പര്യാലോചനയേക്ക് മനുഷ്യവർഗത്തിന് കഴിവുണ്ടാക്കാനുള്ള അവസരമായും ഇത് മാറുന്നു. പ്രകൃതി ശക്തിയാൽ ഉണ്ടാകുന്ന കീഴടക്കലുകൾ സകല ജീവിവർഗ്ഗങ്ങൾക്കിടയിലും പങ്കിടാനാകുമെന്നതിനാൽ അത് സാർവത്രികമായ അഭിവൃദ്ധിക്കും ഉന്നമനത്തിനുമുള്ള മാർഗ്ഗങ്ങളായി മാറുന്നു.

ഏതാണ്ട് അതേ കാലത്തുതന്നെയാണ് മാർക്സ് വ്യാവസായിക മുതലാളിത്ത വ്യവസ്ഥയെ വളരെ വ്യത്യസ്തമായി വീക്ഷിച്ചത്. ആ സമ്പ്രദായം വഴങ്ങാത്തൊരു ആന്തരിക ശക്തിയാൽ നിയന്ത്രിക്കപ്പെടുന്നതാകയാൽ, സ്തംഭനാവസ്ഥയിൽ മിൽ കണ്ട, സ്വന്തം ഇഷ്ടത്തിന് വഴങ്ങാനുള്ള അവകാശം വെറും ഐച്ഛികമല്ല. സദാ വികസിതമാകുന്ന മുതലാളിത്ത സാമൂഹ്യബന്ധങ്ങളുടെ പുനർനിർമ്മാണമാണ് സഞ്ജിതമാക്കൽ. അത് സ്തംഭനാവസ്ഥ തകർന്നടിയലിന്റെ നാന്ദികുറിക്കലായിരിക്കാം. മനുഷ്യനേയും പ്രകൃതിയേയും ചൂഷണം ചെയ്യൽ ഉൾപ്പെടുന്നതാണ് വികസനം. ഏതു കാലമെടുത്തുനോക്കിയാലും, ആ സമ്പ്രദായത്തിന് സർവ്വപ്രധാനമായ രണ്ട് ഐച്ഛികങ്ങളുണ്ട്. നിലവിലുള്ള സാങ്കേതിക വിദ്യകളോടുകൂടിയ അടിത്തറകളിൻ മേൽ ആവശ്യത്തിൽ കവിഞ്ഞുള്ള വികസനം നിർത്താതെ തുടരുക, അല്ലെങ്കിൽ നിലവിലുള്ള പ്രദേശങ്ങൾക്കകത്ത് മനുഷ്യനേയും പ്രകൃതിയേയും ചൂഷണം ചെയ്യൽ ശക്തിപ്പെടുത്തുക.

വ്യാവസായിക മുതലാളിത്തത്തിന്, മണ്ണിനും മനുഷ്യർക്കുമിടയിലെ പദാർത്ഥത്തിന്റെ ചംക്രമണത്തെ താറുമാറാക്കുകയും ഭക്ഷണത്തിന്റേയും വസ്ത്രത്തിന്റേയും രൂപത്തിൽ മനുഷ്യർ ഉപയോഗിച്ചുതീർക്കുന്ന മണ്ണിന്റെ മൂല പദാർത്ഥങ്ങളെ മണ്ണിലേക്കുതന്നെ തിരികെ നൽകുന്നതിനെ തടയുകയും ചെയ്യുന്ന നിർദയമായ ധർമ്മമുണ്ട്. മൂലധനത്തിന്റെ ഒന്നാം പുസ്തകത്തിൽ, മാർക്സ് മുതലാളിത്തത്തെ, പ്രകൃതിയെ, കൃഷിയുടെ രൂപാന്തരീകരണത്തിലൂടെ ഫലശൂന്യമാക്കുന്ന വ്യവസ്ഥിതിയായി തിരിച്ചറിഞ്ഞിട്ടുണ്ട്. "മുതലാളിത്ത കാർഷികരംഗത്തെ എല്ലാ പുരോഗതിയും തൊഴിലാളിയെ മാത്രമല്ല മണ്ണിനേയും കൊള്ളയടിക്കുന്ന കലയിൽ ഉണ്ടായിട്ടുള്ള പുരോഗതി" ആയിരുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു. "ഒരു പ്രത്യേക കാലയളവിൽ മണ്ണിന്റെ ഫലഭൂയിഷ്ടതയുടെ വർദ്ധനവിൽ" ഉണ്ടായിട്ടുള്ള എല്ലാ പുരോഗതിയും "ആ ഫലഭൂയിഷ്ടതയുടെ എന്നന്നേക്കുമായുള്ള ഉറവിടങ്ങളെ നശിപ്പിക്കുന്നതിലേക്കുള്ള പുരോഗതിയാണ്".

**സമതുലിതാവസ്ഥാതത്വങ്ങൾ രംഗം കയ്യടക്കുന്നു**

തുടർന്നുള്ള വർഷങ്ങളിൽ, സാമ്പത്തിക ശാസ്ത്രജ്ഞൻമാർ സമതുലിതാവസ്ഥ (equilibrium) എന്ന സങ്കല്പത്തെ അനുകൂലിച്ചുകൊണ്ട് ഈ സൈദ്ധാന്തിക രൂപവൽക്കരണങ്ങളെ ഉപേക്ഷിച്ചു. കമ്പോളയുക്തിയാൽ നിയന്ത്രിക്കപ്പെടുന്ന എല്ലാ പ്രക്രിയകളും സമതുലിതാവസ്ഥയിലേക്കാണ് നയിക്കുക എന്നതായിരുന്നു ആ വാദഗതി. സമൂഹത്തിന്റെ ഭൗതിക ഉത്പന്ന വിതരണത്തിന്റെ സംജ്ഞയിലും അതുപോലെ തന്നെ വളർച്ചാപ്രക്രിയയിൽ പ്രകൃതി വിഭവസ്രോതസ്സുകളുടെ വിനിയോഗത്തിന്റെ സംജ്ഞയിലും ഇത് പ്രയോഗിച്ചു.

1940കളിലും 1950കളിലും ലോക ഭൂപടത്തിൽ പുതുതായി സ്വാതന്ത്ര്യം ലഭിച്ച രാജ്യങ്ങൾ ഉയർന്നുവരാൻ തുടങ്ങിയപ്പോൾ, അവയുടെ വികസന സംബന്ധമായ എല്ലാ ആവശ്യങ്ങളുടേയും ചുമതല കമ്പോളത്തിന് വിട്ടുകൊടുക്കുന്നതാണ് നല്ലതെന്ന് വാദിച്ച സാമ്പത്തിക ശാസ്ത്രജ്ഞൻമാർക്ക് കുറവൊന്നുമില്ലായിരുന്നു. മറ്റൊരു വിഭാഗം സാമ്പത്തിക ശാസ്ത്രജ്ഞർ കമ്പോളത്തിന്റെ പ്രവർത്തനങ്ങളുടെ ഇച്ഛാപൂർവ്വമല്ലാത്ത ബാഹ്യപ്രഭാവങ്ങളെ നിരീക്ഷിക്കുകയും, സാധ്യതകളും അപകടവും ഒരുപോലെ കാണുകയും ചെയ്തു.

1955–ൽ സ്വീഡിഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ ഗുന്ദർ മിർദൽ സമതുലിതാവസ്ഥയെ ഒരു നിഷ്ഫലമായ അന്വേഷണമായി തള്ളിപ്പറഞ്ഞു. സമതുലിതാവസ്ഥയുടെ മാർഗ്ഗത്തിൽ നിന്നും അകന്നുമാറുന്ന ഒരു സാമ്പത്തിക വ്യവസ്ഥക്ക് സ്വയം ന്യൂനത പരിഹരിക്കാനുള്ള സഹജമായ പ്രവണത ഉണ്ടായിരിക്കില്ലെന്ന് അദ്ദേഹം പ്രസ്ഥാവിച്ചു. സമതുലിതാവസ്ഥയുടെ മാർഗ്ഗത്തിൽനിന്നും കൂടുതൽ അകന്നുപോകലിനും ദാരിദ്ര്യത്തെ ശാശ്വതീകരിക്കുന്ന ദൂഷതവലയത്തിന്റെ തുടക്കം കുറിക്കലിനുമായിരുന്നു കൂടുതൽ സാധ്യത. ഇതിനുനേർ വിപരീതമായി, വളർച്ചയുടേയും അഭിവൃദ്ധിയുടേയും ഊടുവഴിയിലൂടെ നീങ്ങുന്ന രാജ്യങ്ങൾ ഈ സദ്ഗുണ വലയത്തിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുകയും ചെയ്യും. മിർദൽ ഇവയെ 'പടർന്നുപന്തലിക്കുന്നതും', 'വിപരീതഫലങ്ങളുള്ളതുമായ' പ്രഭാവമായാണ് വിശേഷിപ്പിച്ചത്. ചില പ്രത്യേക സാഹചര്യങ്ങളിൽ, നിക്ഷേപം നടത്താനായിട്ടെടുക്കുന്ന തീരുമാനങ്ങൾക്ക് ബന്ധപ്പെട്ട മേഖലകളിൽ അനുപൂരകങ്ങളായ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുക വഴി, പടർന്നുപന്തലിക്കുന്ന ഫലങ്ങളാണുണ്ടാവുക. മറ്റു സാഹചര്യങ്ങളിൽ, മാഞ്ചസ്റ്റർ വസ്ത്രങ്ങൾ ഇന്ത്യക്കാരായ അനേകം നെയ്തുകാരെ തൊഴിൽ രഹിതരാക്കിയതുപോലുള്ള വിപരീതഫലങ്ങളിലേക്കാണു നയിക്കുക. ഒരു വ്യാവസായിക പദ്ധതി സൃഷ്ടിക്കുന്ന വൻ തോതിലുള്ള മലിനീകരണം, പൊതുഭരണാധികാരികളുടേയോ സമുദായങ്ങളുടേയോ അധീനതയിലുള്ള വിഭവസ്രോതസ്സുകളുടെ ദാരിദ്ര്യം കാരണം ലഘൂകരിക്കാനാവാതെ അവശേഷിക്കുന്നതിനാൽ, പാരിസ്ഥിതിക വിപരീതഫലങ്ങളേയും ആ ചട്ടക്കൂടിനകത്ത് സി

ദ്ധാന്തവൽക്കരിക്കാനാകും. മലിനീകരണ പ്രശ്നങ്ങളിൽ ജനങ്ങൾ അവരുടെ നിലനിൽപ്പിനായി ആശ്രയിക്കുന്ന പൊതുവായ വിഭവസ്രോതസ്സുകളുടെ നശീകരണം ഉൾപ്പെടുന്നതിനാൽ, അത് അനുഷ്യരെ കൂടുതൽ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിടും.

ഒരു വികസന കാര്യപരിപാടി വികസിപ്പിച്ചെടുക്കുന്നതിൽ ഉൾപ്പെടുന്ന സങ്കീർണ്ണതകളോട് ജാഗ്രത പുലർത്താൻ സാമ്പത്തിക ശാസ്ത്രശാഖയ്ക്ക് മിർദൽ മുന്നറിയിപ്പ് നൽകിയെങ്കിൽ, ദാരിദ്ര്യത്തിന്റേയും പാരിസ്ഥിതിക അപചയത്തിന്റെയും ദൂഷിത വലയങ്ങൾക്ക് നിർദയമായി വിധേയമാകുന്ന പ്രദേശങ്ങളിൽ പ്രാദേശികമായി തന്നെ അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് കെ. വില്ല്യം കാപ്പ് നിർബന്ധിച്ചിരുന്നു. 1950–ൽ, കാപ്പ് 'സാമൂഹ്യ ചെലവുകളെ' വല്ലപ്പോഴുമുള്ള ഒരു അസൗകര്യമായല്ല തിരിച്ചറിഞ്ഞത്. മറിച്ച്, എല്ലാ വിഭവസ്രോതസ്സുകളും വിനിയോഗത്തിനായി വിട്ടുകൊടുക്കുന്ന തീരുമാനങ്ങളിലുള്ള സർവ്വവ്യാപിയായ ഘടകമായിട്ടാണ്. അതാകട്ടെ, എല്ലാവർക്കും ഏറ്റവും അനുകൂലമായ അനന്തരഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന കമ്പോളത്തിന്റെ അവകാശ വാദങ്ങളെ സ്ഥിരമായി തുരങ്കം വയ്ക്കുന്നതുമാണ്. സാമൂഹിക വിവേചനശക്തിയുടെയും കാര്യശേഷിയുടെയും ലക്ഷ്യപ്രാപ്തി ഉറപ്പാക്കാൻ ആസൂത്രണത്തിന്റെ ചില നടപടി ക്രമങ്ങളിൽ വിഭവസ്രോതസ്സിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളേയും ചർച്ചയ്ക്ക് വിളിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വാദിച്ചു. മുതൽ മുടക്കിന്റേയും പ്രയോജനങ്ങളുടെയും മൂല്യനിർണ്ണയത്തിന്റെ രേഖാരൂപമായ മാതൃകയുടെമേൽ കള്ളന്യായങ്ങളാൽ വൻ വികസനപദ്ധതികൾ പണിതുയർത്തുമ്പോൾ ഏതുതരത്തിലുള്ള സഞ്ചിത സാമ്പത്തിക–സാമൂഹിക മാറ്റങ്ങളാണ് ഇവ കൊണ്ടുവരിക എന്നതാണ് യഥാർത്ഥ ചോദ്യം.

ഏതാണ്ട് ഒരു വർഷത്തിനു ശേഷം, കാർബൺ ഡയോക്സൈഡ് കെട്ടിക്കിടക്കുന്നതോടെ അന്തരീക്ഷത്തിന്റെ താപം ഉയർന്നുവരുന്നതായും, അത് ശരാശരി ആഗോള താപനില ഉയരുന്നതിലേക്കും മുൻകൂട്ടി കാണാനാകാത്ത പാരിസ്ഥിതിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുമെന്ന് കാര്യകാരണ ബന്ധത്തിന്റെ യുക്തിയോടെ കാപ്പ് ലോക ശ്രദ്ധയിലേക്ക് കൊണ്ടുവന്നു. ഇവയെ വെറും ഭൗതികമായ നിർണ്ണായക ഘടകങ്ങളുടെ സംജ്ഞയിൽ വീക്ഷിക്കുന്നതും ഈ പ്രശ്നങ്ങൾക്ക് കാരണമാകുന്ന വ്യവസ്ഥാപിത ചട്ടക്കൂട്ടിനെ അവഗണിക്കുന്നതും അതുകൊണ്ടുതന്നെ അപൂർണ്ണവും തെറ്റായതുമായ ഒരു ചിത്രം മാത്രം നൽകുന്നതിന് നിർബന്ധിതമാകുന്നു. ഇത്തരം സാഹചര്യങ്ങളിൽ, 'പാരിസ്ഥിതിക നാശത്തിന്റെക ഫലമായുണ്ടാകുന്ന വിവിധതരത്തിലുള്ള സാമൂഹിക ബാധ്യതകളെ' അവയുണ്ടാകുന്ന മുറയ്ക്കുതന്നെ അത്രയൊന്നും വികസിതമല്ലാത്ത രാജ്യങ്ങളിലെ സാമ്പത്തികമായ ദുർബലമായ വിഭാഗങ്ങളുടെ ചുമലിലേക്ക് മാറ്റുന്നത് വികസന പ്രക്രിയയുടെ സുപ്രധാനമായ ഒരു അധാർമ്മിക പ്രയോഗമാണ്.

ഇവിടെ മുഖ്യമായ പ്രശ്നം നീതിയുക്തമായ പങ്കിടലിന്റേതാണ്. അതാകട്ടെ സമൂഹത്തിന്റെ മൊത്തം ഉത്പന്നത്തിനും അതിൽ നിന്നുണ്ടാകുന്ന 'ബാഹ്യഘടകങ്ങളുടെ പ്രഭാവങ്ങൾക്കും' ഒരുപോലെ പ്രസക്തമാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങി സമൂഹത്തിന്റെ ഭൗതിക ഉൽപ്പന്നങ്ങളെ, സമൂഹം ഉൽപ്പാദിപ്പിക്കുന്ന ആഢംബര വസ്തുക്കളെപ്പോലെ പരിഗണിക്കുന്നില്ല. 'ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ ഗുണം' എന്ന പ്രയോജനവാദ തത്വശാസ്ത്രത്തിൽ ശ്രദ്ധ ഊന്നിയിരിക്കുന്നതു കാരണം വിശ്വാസയോഗ്യമായൊരു പങ്കിടൽ മാതൃക വികസിപ്പിച്ചെടുക്കുന്നതിൽ ആധുനിക സാമ്പത്തിക സിദ്ധാന്തം പരാജയപ്പെട്ടിട്ടുണ്ട്. പ്രയോജനവാദ തത്വശാസ്ത്രം (utilitarian philosophy) സാമൂഹ്യ ഉടമ്പടി സിദ്ധാന്തത്തെ (social contract) നിരാകരിക്കുന്നതിനു മുൻപേ പാശ്ചാത്യ ലിബറൽ വാദത്തിനകത്ത് അതിനുണ്ടായിരുന്ന സ്ഥാനം വീണ്ടെടുക്കാനുള്ള ശ്രമമാണ് ജോൺ റോൾസിന്റെ രചന.

സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ സഹകരണാത്മകമായൊരു ബന്ധം നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നീതിയുക്തമായൊരു ധാരണ അത്യന്താപേക്ഷിത മാണെന്ന് റോൾസ് വാദിച്ചിട്ടുണ്ട്. അത്തരമൊരു അവസ്ഥ സംജാതമാകുന്നത് എല്ലാ കക്ഷികളും 'അജ്ഞതയുടെ മൂടുപടത്തിലാണ് നിലകൊള്ളുന്നത്' എന്ന് അംഗീകരിച്ച് കൊടുക്കുമ്പോഴാണ്. എങ്ങനെയാണ് വിവിധ ബദൽ മാർഗ്ഗങ്ങൾ താന്താങ്ങളുടേതായ പ്രത്യേക

സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ സഹകരണാത്മകമായ ഒരു ബന്ധം നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നീതിയുക്തമായൊരു ധാരണ അത്യന്താപേക്ഷിത മാണെന്ന് റോൾസ് വാദിച്ചിട്ടുണ്ട്. അത്തരമൊരു അവസ്ഥ സംജാതമാകുന്നത് എല്ലാ കക്ഷികളും 'അജ്ഞതയുടെ മൂടുപടത്തിലാണ് നിലകൊള്ളുന്നത്" എന്ന് അംഗീകരിച്ച് കൊടുക്കുമ്പോഴാണ്. എങ്ങനെയാണ് വിവിധ ബദൽ മാർഗ്ഗങ്ങൾ താന്താങ്ങളുടേതായ പ്രത്യേക താൽപ്പര്യത്തെ ബാധിക്കുകയെന്നും, പൊതുവായ പരിഗണനകളുടെ അടിസ്ഥാനത്തിൽ മാത്രം തത്വങ്ങളെ വിലയിരുത്താൻ അവർ കടപ്പെട്ടിരിക്കുന്നു എന്നും ആരും ബോധവാന്മാരല്ല

താൽപ്പര്യത്തെ ബാധിക്കുകയെന്നും, പൊതുവായ പരിഗണനകളുടെ അടിസ്ഥാനത്തിൽ മാത്രം തത്വങ്ങളെ വിലയിരുത്താൻ അവർ കടപ്പെട്ടിരിക്കുന്നു എന്നും ആരും ബോധവാന്മാരല്ല. അസമത്വം വർദ്ധിക്കുകയും വ്യാപകമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ എങ്ങനെയായിരുന്നു തുല്യ പൗരത്വമുള്ള (equal citizenship) ഒരു രാഷ്ട്രത്തിനു രൂപം നൽകേണ്ടിയിരുന്നത്? വ്യതിരേഖ തത്വ (difference principle) മാണ് മുഖ്യമായ കാര്യം. അല്ലെങ്കിൽ 'കൂടുതൽ പുരോഗതി പ്രാപിച്ചവർ തീരെ പുരോഗതി പ്രാപിക്കാത്തവരുടെ അഭ്യുദയത്തിനായി സഹായിക്കണം' എന്ന പ്രമാണം. പങ്കിടൽ മാതൃകകൾ സമൂഹമൊന്നാകെ കൂടിയാലോചനയിലൂടെ തയ്യാറാക്കണം. ഈ പ്രക്രിയകളിലേക്ക് പ്രവേശിക്കുമ്പോൾ ഓരോ വ്യക്തിയും രണ്ടു പ്രധാനമായ സ്ഥാനങ്ങൾ വഹിക്കുന്നതായി കാണേണ്ടതുണ്ട്; തുല്യ പൗരാധികാരവും കൈയ്യാളുന്ന വരുമാനത്താലും സ്വത്തിനാലും നിർവ്വചിപ്പെടുന്നതും. രണ്ടാമത്തെ വീക്ഷണത്തിൽ, പങ്കിടൽ ഏർപ്പാട് നേരല്ലാത്ത മാർഗ്ഗത്തിലേക്ക് ചായാൻ ഇടയുള്ളതിനാൽ, 'നീതിയുക്തമായ ധർമ്മം' (justice as fairness) എന്ന തത്വം ആവശ്യപ്പെടുന്നതുപ്രകാരം തുല്യ പൗരാധികാരത്തിന്റെ സ്ഥാനത്തുനിന്നാകണം (സമൂഹത്തിന്റെ) അടിസ്ഥാന ഘടനയെ നിർണ്ണയിക്കാൻ എന്ന് റോൾസ് നിരീക്ഷിക്കുന്നു.

### തുല്യ പൗരാധികാരം എങ്ങനെ പ്രവർത്തിക്കുന്നു?

ഒരു കന്യാവനപ്രദേശത്ത്, തദ്ദേശീയരായ ജനതയെ ഒഴിപ്പച്ചെടുത്ത്, അവരെ പാരിസ്ഥിതിക അഭയാർത്ഥികളാക്കിത്തീർത്ത്, ഒരു പ്രധാന ജലവൈദ്യുത നിലയം സ്ഥാപിക്കുന്ന സാഹചര്യത്തിൽ ഈ തത്വങ്ങൾ എങ്ങനെയാണ് സംഭാവ്യമായിത്തീരുക? ജലപരിവൃത്തിയുടെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും സംജ്ഞയിൽ ദീർഘകാല പാരിസ്ഥിതിക പ്രത്യാഘാദങ്ങളെ ഇത് എങ്ങനെയാണ് അഭിമുഖീകരിക്കുക? വൻതോതിൽ കുടയൊഴിപ്പിക്കൽ നടത്തി ഖനന പ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള നിർദ്ദേശത്തെ ഈ സമീപനം എങ്ങനെയാണ് അഭിമുഖീകരിക്കുക?

'വ്യതിരേക തത്വം' (difference principle) ആവശ്യപ്പെടുന്നത്, വികസനലക്ഷ്യങ്ങളെക്കുറിച്ച് അവകാശവാദം ഉന്നയിക്കുന്നവർ പുരോഗതി പ്രാപിക്കാത്തവരുടെ അഭ്യുന്നതിയുമായി ബന്ധപ്പെട്ട പദ്ധതികൾ എന്ത് സഹായമാണ് ചെയ്യുക എന്ന് വ്യക്തമാക്കണം. കഴിഞ്ഞ ആറ് ദശാബ്ദങ്ങളായി ആസൂത്രിത വികസനം എന്ന തലക്കെട്ടിനു കീഴെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പശ്ചാത്തലം ചൂണ്ടിക്കാണിക്കുന്നത് ചെലവുകളുടെയും (ബാഹ്യഘടകങ്ങൾ ഉൾപ്പെടെ) പ്രയോജനങ്ങളുടെയും പങ്കിടൽ നീതിപൂർവ്വമോ അല്ലെങ്കിൽ പക്ഷപാദരഹിതമോ ആയിരുന്നില്ല എന്നാണ്. ന്യായയുക്തത നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനം 'തുല്യ പൗരാധികാരം' ആയിരിക്കണം എന്ന രണ്ടാമത്തെ തത്വം ആവശ്യപ്പെടുന്നത്, വികസനപദ്ധതികളെ പിൻതാങ്ങുന്നവരും ആ പദ്ധതിക്കൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്നവരും തമ്മിലുള്ള വിസ്തൃതമായ അനുപാതരഹിതത്വം സമതുലിതമാക്കാവുന്ന നിയമങ്ങളുടെ ചട്ടക്കൂടുണ്ടാകണമെന്നാണ്. രണ്ടാമത്തെ വ്യവസ്ഥ ആവശ്യപ്പെടുന്നത്, സർക്കാരുകളോ സംസ്ഥാനങ്ങളോ അവരുടെ അധികാരം, പ്രബലർക്കോ വിശേഷാധികാരമുള്ളവർക്കോ വേണ്ടിയല്ലാതെ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ ഉന്നമനത്തിനായി പ്രയോഗിക്കണം എന്നാണ്.

വികസന വേലിയേറ്റം എല്ലാ വഞ്ചികളേയും ഉയർത്തും എന്ന ശാസ്ത്രത്തിന്റെ പ്രത്യാശ ഇന്ത്യയിലേയും മറ്റ് വികസ്വര നാടുകളിലെയും ബഹുഭൂരിപക്ഷത്തെ സംബന്ധിച്ച് വ്യാമോഹമായി അവശേഷിക്കുകയാണ്. ശാസ്ത്രത്തിന്റെ പ്രയോജനങ്ങൾ രാജ്യത്തെ എല്ലാ വിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കാൻ വികസന സാമൂഹ്യക്രമം പരാജയപ്പെടുന്നതുകൊണ്ട് മാത്രമല്ല ഇത്. സാങ്കേതികവിദ്യയാൽ പ്രചോദിതമായ വികസന സങ്കൽപ്പം, മുമ്പ് അവകാശപ്പെട്ടിരുന്നതുപോലെ അതിന്റെ അധീശത്വം ആർജിക്കാതിരുന്ന വ്യത്യസ്ത ജീവിതക്രമങ്ങളിൽ പ്രതിജ്ഞാബദ്ധമായ ജനാധിപത്യ ഇടപെടലുകൾ നടത്താത്തതുകൊണ്ടുകൂടിയാണ് ഇത് സംഭവിക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഉത്കൃഷ്ടത ഒരു വിശ്വാസ്യതാ പ്രശ്നം മാത്രമല്ല. പ്രത്യക്ഷപ്രയോഗത്തിലൂടെ നിരന്തരം തെളിയിക്കപ്പെടേണ്ട ആവശ്യകതയുള്ള ഒന്നാണത്. വികസനത്തിന്റെ ആധുനിക വാക്ധോരണിയെ പ്രോത്സാഹിപ്പിക്കുന്നവരും, അതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നവരും, വ്യത്യസ്ത കാഴ്ച്ചപ്പാടുകളുള്ളവരും വിശ്വാസ്യത ഉൾക്കൊള്ളേണ്ടത് ആവശ്യമാണ്.

സാമൂഹിക കൂടിയാലോചനയുടെ ഏത് പ്രക്രിയയിലും വളരെ വിഭിന്നമായ വിഭാഗങ്ങൾക്കിടയിൽ അധികാരത്തിന്റെ സമീകരണം ഉറപ്പാക്കാൻ റോൾസ് രചിച്ച സാങ്കല്പിക സിദ്ധാന്തപരമായ പ്രയോഗതന്ത്രങ്ങളാണ് 'മൗലിക അവസ്ഥ' (original position)യും 'അജ്ഞതയുടെ മൂടുപട' (veil of ignorance)വും. പ്രായോഗിക രംഗത്തെ പ്രയുക്തതയുടെ കാര്യത്തിൽ ഈ സിദ്ധാന്തപരമായ നിർമ്മിതികൾ ഗൗരവതരമായ പ്രശ്നങ്ങൾ ഉയർത്തുമെന്ന് ചിന്തിക്കുന്ന അനേകം ചിന്തകരുണ്ട്. ജർമ്മൻ തത്വചിന്തകനായ ജർഗ്ഗൻ ഹാബർമാസ് അത്തരത്തിൽ ഒരാളായിരുന്നു. റോൾസിന്റെ നിലപാടിനെ ദീർഘവും നിശിതവുമായി വിമർശിച്ചശേഷം (അത് നമ്മൾ ഈ ഘട്ടത്തിൽ പരിഗണിക്കേണ്ടതില്ല) 'അധികാര സമീകരണ'ത്തിന്റേതായ ഒരു സാഹചര്യ സൃഷ്ടിക്കായുള്ള സ്വന്തമായ മാർഗ്ഗങ്ങൾ ഹാബർമാസ്സ് മുന്നോട്ടുവച്ചു. നീതിപൂർവ്വകതയും ന്യായയുക്തതയും ക്രിയാത്മകമായ സംവാദത്തിലൂടെ സാധുത പരിശോധിക്കാനാവുന്ന മാതൃകകളാണ്. സാങ്കൽപ്പിക സിദ്ധാന്തപരമായ അർത്ഥത്തിൽ ഈ മാതൃകകൾ അവലംബിക്കാൻ നിർദ്ദേ

ശിക്കാവുന്നവയാണ്. എന്നാൽ നൈതികമായ ഒരു ആവശ്യം നിറവേറ്റാനായി ഓരോ നിർദ്ദേശത്തെയും, അതിന്റെ കാര്യകാരണ സങ്കൽപ്പത്തിന് പുറമേ നിന്ന് ഉള്ളടക്കത്തെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. നൈതിക ഉണ്മയുടെ എതിർവാദങ്ങൾക്ക് ഒരു പ്രത്യേക വിഭാഗത്തിന്റെ ജീവിതസാഹചര്യം പ്രധാനം ചെയ്യുന്ന അനുഭവ മണ്ഡലത്തിനകത്ത് ഒരു അർത്ഥം ഉണ്ടാകാം. അതായത്, മുമ്പ് സൂചിപ്പിച്ച ഉദാഹരണ പ്രകാരം വ്യാപാര ഉപജാപവൃന്ദം പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യവിഭാഗങ്ങളും ഖനന പദ്ധതിക്കായി വാസസ്ഥലം നഷ്ടപ്പെടുത്തപ്പെട്ട തദ്ദേശീയരായ സമുദായങ്ങളും. ഹാബർമാസുമായി ബന്ധപ്പെട്ട മറ്റൊരു സംജ്ഞയാണ് 'സംവാദ നൈതികത' (discourse ethics). ഇതിലെ പങ്കാളികൾ ഇതിനെ പരിഗണിക്കുന്നത്, ചില വിവാദപരമായ വിഷയത്തെ വ്യവസ്ഥാപിതമാക്കാൻ, സർവ്വസമ്മതമായൊരു പോംവഴിയിൽ എത്തിച്ചേരാൻ അവർക്കുമേൽ സമ്മർദ്ദം ചെലുത്തുന്ന മൂർത്തമായൊരു അവസ്ഥയിലെ യഥാർത്ഥ അഭിപ്രായ സംഘട്ടനത്തെ പ്രതിപാതിക്കുന്ന സംജ്ഞയായിട്ടാണ്. അഭിപ്രായസമന്വയത്തിൽ എത്തിച്ചേരുന്ന ഈ പ്രക്രിയ, നിയമമോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള അധികാരമോ ഒരു തരിമ്പുപോലും ബലമായി ഉപയോഗിക്കാതെ പൂർണ്ണമായും സ്വതന്ത്രമായിരിക്കും.

### സംസാരിക്കാനും കേൾക്കാനുമുള്ള അവകാശങ്ങൾ

അമർത്യാസെൻ 'യുക്തിയുക്തതയുടെ സാർവ്വജനീനമായ ഉപയോഗം' (public use of reason) എന്ന സങ്കല്പത്തെ ക്രമപ്പെടുത്തിയെടുത്തു. നീതിപൂർവ്വകത എന്ന ആശയത്തെ സ്ഥിരീകരിക്കുന്നതിന് വേണ്ടിയായിരുന്നു അത്. അതാകട്ടെ, റോൾസ് മുന്നോട്ടുവച്ച തത്വത്തിൽ നിന്നും വ്യതിരിക്തമായിരുന്നു. ന്യായയുക്തമായ നടപടിക്രമങ്ങൾക്ക് സഹായകരമാകും വിധത്തിൽ, സ്ഥലകാല അതീതമായൊരു സമ്പൂർണ്ണ സിദ്ധാന്തത്തിനായുള്ള യത്നത്തെ അദ്ദേഹം ഫലപ്രദമായി കയ്യൊഴിഞ്ഞു. നീതിപൂർവ്വകത എന്ന അദ്ദേഹത്തിന്റെ സങ്കൽപം, 'കൂടിയാലോചനയിലൂടെയുള്ള ജനാധിപത്യ'ത്തിൽ അധിഷ്ഠിതമായ ഒന്നാണ്. അതായത്, അറിവും അതിന്റെ പ്രചാരണോപാധികളും എല്ലാവർക്കും ഒരുപോലെ പ്രാപ്യമാകുന്ന അവസ്ഥയിൽ എല്ലാവർക്കും അഭിപ്രായം പറയാവുന്ന വേദി. എല്ലാവർക്കും ന്യായമായൊരു ഫലം ഉറപ്പാക്കുന്നതിൽ മാദ്ധ്യമ സ്വാതന്ത്ര്യത്തിനുള്ള പ്രാധാന്യത്തിന് ശക്തമായ അടിവരയിടുന്നതിലേക്ക് സെൻ എത്തിച്ചേരുന്നു. അദ്ദേഹം പറയുന്നത്, ഇത് "ലോകത്തിൽ സാർവ്വജനീനമായ യുക്തിവിചാരത്തിന്റെ പുരോഗതിക്കായുള്ള പര്യാലോചനയിൽ മുഖ്യമായ പ്രശ്നങ്ങളിൽ ഒന്നാണ്" എന്നാണ്. ഇത്തരത്തിൽ നോക്കുമ്പോൾ, കഴിഞ്ഞ മുന്നൂറ് വർഷങ്ങളിലേറെയായി യൂറോപ്പിലും അമേരിക്കയിലും, സ്ഥാപിതമായ അനുഭവത്തിന്റേയും പ്രയോഗത്തിന്റേയും പിൻബലമുള്ള സിദ്ധാന്തങ്ങൾ വളരെ വലിയൊരു വ്യത്യാസം തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് അദ്ദേഹം വാദിക്കുന്നു.

നീതിപൂർവ്വമായ ഒരു സാമൂഹ്യക്രമം സാധ്യമാക്കുന്നതിനുള്ള ഒരു ഉപാധിയെന്ന നിലയിൽ മാദ്ധ്യമസ്വാതന്ത്ര്യത്തിൽ സെന്നിനുള്ള പൂർണ്ണ വിശ്വാസത്തിൽ ഒരു നിഷ്കളങ്കതയുണ്ട്. കൂടുതൽ യാഥാർത്ഥ്യവാദികളായ നിരീക്ഷകർ മാദ്ധ്യമങ്ങളെ വിശേഷിപ്പിച്ചിട്ടുള്ളത് സമൂഹത്തിൽ ആധിപത്യം പുലർത്തുന്നവരുടെ ഉപകരണോപാധികളുടെ ഭാഗമാണെന്നാണ്. അധികാരവും വിശേഷാവകാശവുമുള്ളവർക്ക് വിടുപണി ചെയ്യുന്നവർ. നോം ചോസ്കിയുടെ, മാധ്യമങ്ങളുടെ ജോലി 'പൊതുസമ്മതിയുടെ നിർമ്മിതി' യാണെന്ന പഴയ സൂക്തം ഈ പങ്കിനെ കൃത്യമായി ചൂണ്ടിക്കാണിക്കുന്നു. എന്നിരുന്നാലും, മറ്റുതരത്തിൽ ചിതറിക്കിടക്കുന്നവരും അസംഘടിതരുമായ ജനങ്ങൾക്കിടയിൽ വലിയതോതിൽ ഏകോപനം അനുവദിക്കുന്ന വാർത്താവിനിമയ ഉപാധികൾ ഇപ്പോൾ വളർന്നു വരുന്നുണ്ട്. പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള ധാരണകൾ പങ്കിടുന്നതിനും പൊതുവായൊരു ആവശ്യത്തിനായി ജനങ്ങളെ അണിനിരത്തുന്നതിനും ഇത് വാദിക്കുന്നു. സമൻമാരായ പൗരന്മാരെന്ന നിലയിൽ രാഷ്ട്രീയ സംവാദങ്ങളിൽ പങ്കുചേരുന്നതിനുള്ള പ്രത്യേകാവകാശം അവർക്ക് ഇനിയും നൽകിയിട്ടുണ്ടാകണമെന്നില്ല. എന്നാൽ, വസ്തുനിഷ്ടവും പ്രത്യക്ഷവുമായ അനീതികൾക്കെതിരെ അവരുടെ ശബ്ദമുയർത്തുന്നതിൽനിന്നും അവരെ തടയൽ കൂടുതൽ വിഷമകരമായിത്തീർന്നിരിക്കുകയാണ്. വികസനത്തേയും പരിസ്ഥിതിയെയും കുറിച്ചുള്ള സംവാദത്തിന്റെ വളരെ കാതലായ ഭാഗത്തേക്ക് നീതിപൂർവ്വകതയെ കൊണ്ടുവരുന്നതിനായുള്ള ആദ്യത്തെ ചുവട് അവരിലൂടെ യാകട്ടെ. ■

## ദയാവധ നിയമത്തിനെതിരെ ബഹുജന സമ്മേളനം

ദയാവധത്തിനായുള്ള നിയമനിർമ്മാണത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണം എന്നാവശ്യപ്പെട്ട് മനുഷ്യാവകാശ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ **നവംബർ 11ന് തൃശൂരിൽ** ബഹുജന സമ്മേളനം നടത്തുന്നു. ഭരണകൂടം കയ്യാളുന്ന 'കൊല്ലാനുള്ള അവകാശം' ചികിത്സാരംഗത്തേക്കും വ്യാപിപ്പിക്കുകയാണ് ദയാവധ നിയമ നിർമ്മാണത്തിലൂടെ സർക്കാർ. ഈ നിയമപ്രകാരം'ദയാവധം' സംബന്ധിച്ച തീരുമാനമെടുക്കാനുള്ള പരമാധികാരം ഒരു മെഡിക്കോ-ജുഡീഷ്യൽ സംവിധാനത്തിനാണ്. ഈ ജനാധിപത്യ വിരുദ്ധ ബിൽ തള്ളിക്കളയണമെന്ന് പരിപാടി ആവശ്യപ്പെടുന്നു. ദയാവധനിയമത്തെ വിഭിന്ന നിലപാടുകളിൽ എതിർക്കുന്ന വിവിധ പ്രസ്ഥാനങ്ങൾ പങ്കെടുക്കുന്നു.

*ബന്ധങ്ങൾക്ക്: 9846649083*